**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** **23-02-2026 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി. എൻ. ജി. ആർ. ബി.) നൽകുന്ന ലൈസൻസ് പ്രകാരം അനുവദിക്കപ്പെട്ട ഭൂമിശാസ്ത്രപരമായ പ്രദേശത്തു (Geographical area) കൂടി മാത്രമേ സിറ്റി ഗ്യാസ് പൈപ്പ് ലയിൻ സ്ഥാപിക്കുന്നതിനും പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനും സാധിക്കുകയുള്ളൂ.<br><br>കേരളത്തിലെ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മാഹി (കേന്ദ്രഭരണ പ്രദേശം) എന്നീ ജില്ലകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലയിൻ സ്ഥാപിക്കുന്നതിനും പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനാണ് (IOAGPL) പി. എൻ. ജി. ആർ. ബി നിന്നും ലഭിച്ചിട്ടുള്ളത്.<br><br>പദ്ധതിയുടെ ഭാഗമായി കമ്പനി എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സിറ്റി ഗേറ്റ് സ്റ്റേഷനും, ഒഡോറൈസേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. മേല്പറഞ്ഞ എല്ലാ ജില്ലകളിലും പ്രകൃതി വാതക പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും, CNG സ്റ്റേഷനുകളിലേക്കും, ഗാർഹിക, വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലേക്കും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുമുണ്ട്.<br><br>എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും, കളമശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ, മരട്, ആലുവ, ഏലൂർ എന്നീ മുനിസിപ്പാലിറ്റികളിലായി 42,030 ഗാർഹിക കണക്ഷനുകളും, 24 വ്യവസായ സ്ഥാപനങ്ങളിലും, 70 വാണിജ്യ സ്ഥാപനങ്ങളിലും 20 |

സി.എൻ.ജി സ്റ്റേഷനുകളിലും പ്രകൃതി വാതകവും ലഭ്യമാക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി, കണ്ണൂർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ 9,000 ഗാർഹിക കണക്ഷനുകളും, 15 വാണിജ്യ സ്ഥാപനങ്ങളിലും 15 സി.എൻ.ജി സ്റ്റേഷനുകളിലും പ്രകൃതി വാതകവും ലഭ്യമാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ 10 സി.എൻ.ജി സ്റ്റേഷനുകളിൽ പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിൽ 400 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മഞ്ചേരി, മലപ്പുറം, കോട്ടയ്ക്കൽ എന്നീ മുനിസിപ്പാലിറ്റികളിലും പറപ്പൂർ, എടരിക്കോട്, നന്മക്ക, ആലങ്കോട് എന്നീ പഞ്ചായത്തുകളിലുമായി 10000 ത്തോളം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. തിരൂർ, മലപ്പുറം, തിരൂരങ്ങാടി, പൊന്നാനി, പെരിന്തൽമണ്ണ എന്നീ മുൻസിപ്പാലിറ്റികളിലായി 30 CNG സ്റ്റേഷനുകളിലും 11 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകവും ലഭ്യമാക്കിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ മുൻസിപ്പാലിറ്റികളായ കുന്നംകുളം, ഗുരുവായൂർ, ചാവക്കാട്, പഞ്ചായത്തുകളായ ചൂണ്ടൽ, വടക്കേക്കാട്, കൈപ്പറമ്പ്, അടാട്ട് എന്നിടങ്ങളിലായി 5000 ഗാർഹിക കണക്ഷനുകളും, 30 CNG സ്റ്റേഷനുകളിലും 22 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകവും ലഭ്യമാക്കിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലും, പുതുശ്ശേരി പഞ്ചായത്തിലും, മരുത് റോഡിലുമായി 500 വീട്ടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിൽ 20 CNG സ്റ്റേഷനുകളും, 31 വാണിജ്യ സ്ഥാപനങ്ങളിലും 7 വ്യവസായ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളായ ഉണ്ണിക്കുളം, പനങ്ങാട്, കിഴക്കോത്ത്, നന്മിണ്ട, കാക്കൂർ, ബാലുശ്ശേരി എന്നിവിടങ്ങളിലായി 11099 ഗാർഹിക കണക്ഷനുകളും 39 വാണിജ്യ കണക്ഷനുകളും 20 CNG സ്റ്റേഷനുകൾക്കും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്.

കിനാലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2 വ്യവസായങ്ങൾക്ക് പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി, മീനങ്ങാടി, വൈത്തിരി എന്നിവിടങ്ങളിലുമായി 5 CNG സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. മേൽപറഞ്ഞ എല്ലാ ജില്ലകളിലും 24 X 7 ഓപ്പറേഷൻ ആൻഡ് മൈന്റെനൻസ് ഏജൻസിയെ ഗ്യാസ് നെറ്റ്‌വർക്ക് സുരക്ഷിതമായി പ്രവർത്തിപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുമുണ്ട്.

A.G&P (THINK GAS) എന്ന സ്ഥാപനത്തിനാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാകാനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരസഭയിൽ 42 വാർഡുകളിലും അണ്ടൂർക്കോണം, മംഗലപുരം പഞ്ചായത്തുകളിലും ഗാർഹിക ഉപയോഗത്തിന് പൈപ്പ് ലയിൻ വഴി പ്രകൃതിവാതക വിതരണം നടന്നു വരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല മുൻസിപ്പാലിറ്റി വയലാർ, മുഹമ്മ, തണ്ണീർമുക്കം, കഞ്ഞിക്കുഴി, മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രകൃതിവാതക വിതരണം നടന്നുവരുന്നു. ആലപ്പുഴ മുൻസിപ്പാലിറ്റിയിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വാഹനങ്ങൾക്കുള്ള സി.എൻ.ജി വിതരണത്തിനായി തിരുവനന്തപുരം ജില്ലയിൽ 26 ഉം കൊല്ലം ജില്ലയിൽ 9 ഉം ആലപ്പുഴ ജില്ലയിൽ 13 ഉം സി.എൻ.ജി സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ടും ആലപ്പുഴ ജില്ലയിൽ ഒന്നും എൽ.സി.എൻ.ജി സ്റ്റേഷൻ പ്രവർത്തിക്കുന്നു. കൊല്ലം ജില്ലയിൽ ഒരു എൽ.സി.എൻ.ജി സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു.

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിൽ സിറ്റി ഗ്യാസ് വിതരണ ശൃംഖല വികസിപ്പിക്കുന്നതിനുള്ള അനുമതി ഷോളാ ഗ്യാസ്കോ പ്രൈവറ്റ് ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ 13 സി.എൻ.ജി (CNG) സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 12 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ജില്ലയിൽ 25,834 ഗാർഹിക കെ.വൈ.സി (KYC) രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട്. 673 ഗാർഹിക മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 3 സി.എൻ.ജി (CNG) സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 6 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

| | | | |
|---|---|---|---|
| | | | ഇടുക്കി ജില്ലയിൽ 2 സി.എൻ.ജി (CNG) സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 3 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | സിറ്റി ഗ്യാസ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പി.എൻ.ജി.ആർ.ബി-യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആണ് കമ്പനി ഇതുവരേയ്ക്കും കൈകൊണ്ടിട്ടുള്ളത്. നിലവിൽ അനുമതികൾ ലഭ്യമായ പ്രദേശങ്ങളിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള പ്രവർത്തികൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പി.എൻ.ജി.ആർ.ബി-യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സമയബന്ധിതമായി സിറ്റി ഗ്യാസ് പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആണ് കമ്പനികൾ ഇതുവരേയ്ക്കും കൈകൊണ്ടിട്ടുള്ളത്. ഈ നടപടികൾ തുടരുകയും, പദ്ധതി ലക്ഷ്യകാലത്തിനുള്ളിൽ സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിനോടൊപ്പം കൂടുതൽ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ